"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001- റിവർ മാനേജ്മെന്റ് ഫണ്ട് - അനധികൃത മണൽ കടത്തിനെതിരെയുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾക്കും അംഗീകൃത കടവുകളിൽ നിന്നുമുള്ള മണൽ വാരൽ പരിശോധന, വിലയിരുത്തൽ-സംസ്ഥാന ഉന്നതതല സമിതിയുടെ സാധൂകരണത്തിനു വിധേയമായി- പത്തനംതിട്ട ജില്ലയ്ക്കു അനുവദിച്ച വാഹനം- തുക ഇടുക്കി ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1316/2024/RD തീയതി,തിരുവനന്തപുരം, 06-06-2024

**പരാമർശം**:- 1. 06.03.2024-ലെ സ.ഉ.(സാധാ) നം. 885/2024/RD നമ്പർ സർക്കാർ ഉത്തരവ്.

2. 25.03.2024-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/3130/2024-LR(K1) നമ്പർ കത്ത്.

**ഉത്തരവ്**

അനധികൃത മണൽ കടത്തിനെതിരെയുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾക്കും അംഗീകൃത കടവുകളിൽ നിന്നുമുള്ള മണൽ വാരൽ പരിശോധിക്കുന്നതിനും, വിലയിരുത്തുന്നതിനുമായി, പത്തനംതിട്ട ജില്ല ഉൾപ്പെടെയുള്ള അഞ്ച് ജില്ലകൾക്ക് ഒരു ഇന്നോവ ക്രിസ്റ്റ വാഹനം വീതം വാങ്ങുന്നതിനായി, റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പത്തനംതിട്ട ജില്ലയുടെ റിവർ മാനേജ്മെൻറ്റ് ഫണ്ട് വിവിധ എൽ.എ.ആർ. കേസുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പത്തനംതിട്ട, സബ് കോടതി അറ്റാച്ച് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച വാഹനം വാങ്ങുന്നതിനു ആവശ്യമായ **18,67,327/-** രൂപയും വാഹനത്തിന്റെ ഇൻഷുറൻസ്, ആർ.ടി.ഒ. രജിസ്ട്രേഷൻ സംബന്ധിച്ച ചെലവുകൾ, കൂടാതെ വാഹനത്തിന്റെ അത്യാവശ്യമായ മറ്റ് കാര്യങ്ങൾ എന്നിവയ്ക്കായി **2,50,000/-** രൂപയും കൂടി ഉൾപ്പടെ ആകെ **21,17,327/-** രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ് രൂപ) മറ്റു ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ അഭ്യർഥിച്ചിരുന്നതായി പരാമർശം (2) പ്രകാരം ലാൻഡ് റവന്യു കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും, ജെം പോർട്ടൽ മുഖേന ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങുന്നതിന് ചിലവഴിക്കേണ്ടി വരുന്ന 21,17,327/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ് രൂപ) ഇടുക്കി ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും സംസ്ഥാന ഉന്നതതല സമിതിയുടെ സാധൂകരണത്തിന് വിധേയമായി അനുവദിക്കുന്നതിനു നടപടികൾ സ്വീകരിക്കണമെന്നും ലാൻഡ് റവന്യു കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പത്തനംതിട്ട ജില്ലയ്ക്കായി ജെം പോർട്ടൽ മുഖേന ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങുന്നതിന് ചിലവഴിക്കേണ്ടി വരുന്ന 21,17,327/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ് രൂപ) ഇടുക്കി ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും സംസ്ഥാന ഉന്നതതല സമിതിയുടെ സാധൂകരണത്തിന് വിധേയമായി, അനുവദിച്ചു ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHANSHA A
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട, ഇടുക്കി.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്. (ഔദ്യോഗിക

വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suchitra S S
സെക്ഷൻ ഓഫീസർ
Date: 06-06-2024 12:53:18

**പകർപ്പ്** : ബഹു.റവന്യുവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിനു.
ബഹു. റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ബഹു. റവന്യു (പി) അഡിഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്